ഗവൺമെന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† കേന്ദ്രം അനുവദിച്ച 20000 മെട്രിക്ടൺ അരി സുനാമി ബാധിതമായി പ്രഖ്യാപിച്ച ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകിയിട്ടുമുണ്ട്.

മണ്ണാർക്കാട് മണ്ഡലത്തിലെ ദുരിതാശ്വാസ വിതരണം

109. [109] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത് നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല. മുഖ്യമന്ത്രിക്ക് ലഭിക്കുന്ന അപേക്ഷകളിൽ അർഹരായവർക്കെല്ലാം, ധനസഹായം അനുവദിക്കാറുണ്ട്.

കൊച്ചിയിൽ ആരംഭിക്കുന്ന പുതിയ സംരംഭം

110. [110] ശ്രീ. കെ. സി. ജോസഫ്:
„ ടി. യു. രാധാകൃഷ്ണൻ:
„ വർക്കല കഹാർ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ എന്തെല്ലാം പുതിയ സംരംഭങ്ങളാണ് ആരംഭിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്;

(ബി) ഇവയ്ക്ക് ഓരോന്നിനും വേണ്ടി വരുന്ന നിക്ഷേപം എത്ര;

(സി) ഇവയിലെല്ലാം കൂടി എത്ര പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൊച്ചിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചില പുതിയ സംരംഭങ്ങൾ താഴെ പറയുന്നവയാണ്.

† അനുബന്ധം XVI.

LIBRARY ARCHIVES Kerala Legislative Assembly